വാണിയമ്പലം വിഷക്കള്ളു ദുരന്തക്കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയ നടപടി

26 (1492) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിയമ്പലം വിഷക്കള്ളു ദുരന്തക്കേസിന്റെ അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കേസ് അന്വേഷിച്ചിരുന്നത് പോലീസിന്റെ ഏത് വിഭാഗമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) അന്വേഷണത്തിന് നേതൃത്വം നൽകിയിരുന്ന ഡി.വൈ.എസ്.പി.-യെ തൽസ്ഥാനത്തുനിന്നും സ്ഥലംമാറ്റിയിട്ടുണ്ടോ ; എങ്കിൽ സ്ഥലംമാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ഡി) അദ്ദേഹം സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിരുന്നോയെന്നും തൽസ്ഥാനത്ത് രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കിയിരുന്നോ എന്നും വ്യക്തമാക്കുമോ ;

(ഇ) ഡിവൈഎസ്പിയുടെ സ്ഥലംമാറ്റം, കേസന്വേഷണം നീതിയുക്തമായി പൂർത്തിയാക്കുന്നതിന് വിഘാതം സൃഷ്ടിക്കുമെന്നതിനാൽ അത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്ന വാണിയമ്പലം വിഷക്കള്ളു ദുരന്തക്കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. കേസന്വേഷണം ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി & ഡി) കേസന്വേഷണ ചുമതല നിർവ്വഹിച്ചുവന്നിരുന്ന ഡി.വൈ.എസ്.പി.-യെ ഭരണപരമായ കാരണങ്ങളാൽ മാറ്റിയിട്ടുണ്ട്. ടിയാൻ 6-8-2010 മുതൽ പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരികയായിരുന്നു.

(ഇ) ഡി.വൈ.എസ്.പി.-യുടെ സ്ഥലം മാറ്റം കേസന്വേഷണം നീതിയുക്തമായി പൂർത്തിയാക്കുന്നതിന് വിഘാതം സൃഷ്ടിക്കുമെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly